കമ്മിറ്റിയാണ്. ഒരു നഗരസഭ/ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാനും, വിശദ നഗരാസൂത്രണ പദ്ധതിയോ തയ്യാറാക്കേണ്ടത് ബന്ധപ്പെട്ട നഗരസഭ/ഗ്രാമപഞ്ചായത്ത് തന്നെയാണ്. ആയതിനാൽ വികേന്ദ്രീകൃത ആസൂത്രണ സംവിധാനങ്ങളെ നിർദ്ദിഷ്ട നഗരഗ്രാമാസൂത്രണ ബോർഡ് പ്രതികൂലമായി ബാധിക്കുംവിധമുള്ള വ്യവസ്ഥകൾ ഈ ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടില്ല

സമഗ്ര പച്ചക്കറി വികസന പദ്ധതികൾ

5(*125) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി.ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത്;

(സി) ഇത് നടപ്പാക്കാനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പച്ചക്കറിയുടെ തോത് പരമാവധി കുറച്ച് വിഷവിമുക്തമായ പച്ചക്കറികൾ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിച്ച് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തുക എന്ന ലക്ഷ്യമാണ് സമഗ്രപച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുക വഴി ഉദ്ദേശിക്കുന്നത്. പച്ചക്കറിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനും പച്ചക്കറികൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കാനും വിഷവിമുക്തമായ പച്ചക്കറി ഉല്പാദിപ്പിക്കാനും പദ്ധതി കൊണ്ട് കഴിഞ്ഞിട്ടുണ്ട്. സ്ഥലലഭ്യത കുറഞ്ഞ നഗരത്തിലെ വീടുകളിൽ കുടുംബത്തിന് ആവശ്യമായ പച്ചക്കറികൾ അവരവരുടെ മട്ടുപ്പാവിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനും നഗരവാസികൾക്ക് വിഷവിമുക്തമായ പച്ചക്കറിലഭ്യത ഉറപ്പ് വരുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. കൃഷിക്കാർക്ക് ന്യായമായ വില ലഭ്യമാക്കാനും, തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാനും അതുവഴി കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും ഈ പദ്ധതി പ്രയോജനപ്പെടുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സമഗ്രപച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണതലത്തിൽ 2012-13-ൽ 4400 ലക്ഷം രൂപയും, 2013-14-ൽ 5625 ലക്ഷം രൂപയും, 2014-15 സാമ്പത്തിക വർഷത്തിൽ 6400 ലക്ഷം രൂപയും സർക്കാർ അനുവദിക്കുകയുണ്ടായി. ഇക്കൊല്ലം ഇതിനായി 6400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പ്ലാസ്റ്റിക് ഇ-മാലിന്യ ശേഖരണം

6(*126) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്കും ഇ-മാലിന്യവും ശേഖരിക്കുവാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) സർക്കാർ ഉത്തരവ് നമ്പർ 2612/2014/തസ്വഭവ. തീയതി 10-10-2014 പ്രകാരം സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഇ-മാലിന്യങ്ങൾ 5 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനി സ്വീകരിക്കണമെന്നും തുടർന്നുള്ള പുനർചംക്രമണ പ്രവർത്തനങ്ങൾക്കായി രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ പ്രവർത്തിക്കുന്ന അംഗീകൃത സംഭരണശാലകളിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഉത്തരവായിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ക്ലീൻ കേരള കമ്പനി ഇതുവരെ 195 ടണ്ണോളം പ്ലാസ്റ്റിക് മാലിന്യങ്ങളും, 160 ടണ്ണോളം ഇ-മാലിന്യങ്ങളും ശേഖരിച്ച് ശാസ്ത്രീയമായ പുനർചംക്രമണത്തിനായി അംഗീകൃത ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അജൈവമാലിന്യങ്ങൾ, പ്ലാസ്റ്റിക് കവറുകൾ, ഇ-മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ തരംതിരിച്ച് സംഭരിക്കാനും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ച് അവിടെ പ്ലാസ്റ്റിക്,

LIBRARY ARCHIVES Kerala Legislative Assembly